# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :150.

15..6..2012-ൽ മറുപടിക്ക്

## ക്ഷീരമേഖലയിൽ സ്വയംതൊഴിൽ പദ്ധതി

**ചോദ്യം**

ശ്രീ. വർക്കല കഹാർ
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ.

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)

(എ) ക്ഷീരമേഖലയിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(എ) ക്ഷീരവികസന വകുപ്പ് ക്ഷീരമേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഡയറി യൂണിറ്റുകൾ (2 പശു, 5 പശു, 10 പശു, 20 പശു, കിടാരി വളർത്തൽ യൂണിറ്റ്) ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം, വ്യാവസായികാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി വികസന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

(ബി) ആയതിന് തയ്യാറാകുന്ന സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(ബി) പരിശീലനം, സാമ്പത്തിക സാങ്കേതിക സഹായം, ഉല്പന്ന വിപണന സൗകര്യം എന്നീ സഹായങ്ങൾ നല്കി വരുന്നു.

(സി) സംരംഭകർക്ക് തീവ്ര പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ; ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(സി) സംരംഭകർക്ക് തീവ്രപരിശീലനം നല്കി വരുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, ഓച്ചിറ, കോട്ടയം, പാലക്കാട് കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ഷീരപരിശീലന കേന്ദ്രങ്ങളിൽ ഇതിനാവശ്യമായ സൗകര്യം

ഏർപ്പെടുത്തിയിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സൗജന്യ ഭക്ഷണം, ഫാം വിസിറ്റ്, യാത്രാബത്ത, എന്നിങ്ങനെയുള്ള വിവിധ സഹായങ്ങൾ പരിശീലന വിഷയത്തിന്റെ അടിസ്ഥാനത്തിൽ നല്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.